ഫെബ്രുവരി 2017

# സമ്പ്രദം

സാമൂഹ്യ - സാഹിത്യ - സാംസ്കാരിക ദ്വൈമാസിക


**ഭീകരവെടിക്കെട്ട് ഒഴിവാക്കിയവർക്ക് അഭിനന്ദനങ്ങൾ. ഗതാഗതം സ്തംഭിപ്പിക്കാതെ ആഘോഷങ്ങൾ നടത്തണം.**

– എഡിറ്റോറിയൽ

## തുള്ളൽ കലാനിധി
## പ്രൊഫ. കലാമണ്ഡലം ഗീതാനന്ദനും



## പ്രൊഫ. കെ.ബി. ഉണ്ണിത്താനും



## 'കീർത്തിമുദ്ര' അവാർഡ്

വാർത്ത: പേജ് – 19



## പൂരം സപ്ലിമെന്റ് – 2017

# വയസ്സന്മാർ

ശിവദാസൻ.എ.കെ

കറുത്ത മുടിയുള്ള മനുഷ്യർക്ക് വയസ്സായെന്നറിയാനുള്ള എളുപ്പവഴി മുടി വെളുക്കാൻ തുടങ്ങുന്നതാണ്. എന്നാൽ മേലാകെ വെളുത്ത രോമങ്ങളുള്ള ഒരു പൂച്ചയുടെ കാര്യത്തിലൊ ?

ഇതാണ് ഞാൻ പറഞ്ഞത്. ചില കാര്യത്തിലെങ്കിലും ഒരുത്തരവുമില്ല. അതൊന്നും ഞാനത്ര ശ്രദ്ധിക്കാറില്ല. അല്ലെങ്കിൽ എനിക്കറിയില്ലായിരുന്നു. ആൽബർട്ടോവിനെ അവർ കൊണ്ടുപോകുന്നതു വരെ.

എനിക്ക് കുഞ്ഞുനാളു മുതലേ ചോറുതന്നിരുന്ന ഗ്രേസി മാമി വീടുവിട്ടിറങ്ങിയ നാൾ മുതൽ ഒരു പന്തികേട് തോന്നിയതാണ്.

അന്നും അത്താഴവും, കുരിശുവരെയുമെല്ലാം കഴിഞ്ഞ് അവരുറങ്ങാൻ കിടക്കെ പതിവുപോലെ ഞാനവരുടെ കാൽക്കൽ ചെന്ന് ഒന്ന് മുട്ടിയുരുമ്മി. അവരെന്റെ തലയിലൊന്ന് തലോടി. അവരുടെ കണ്ണുകൾ നിറഞ്ഞിരിക്കുന്നത് ഞാൻ കണ്ടു.

പിറ്റേന്ന് രാവിലെ എനിക്ക് ചോറുതരാൻ അവരില്ലായിരുന്നു. പിന്നീട് ഒരു വലിയ പെട്ടിയിൽ പല നിറത്തിലുള്ള പൂക്കളോടൊപ്പം അവരെ കൊണ്ട് വന്നു. ഗ്രേസി മാമി മരിച്ചതായിരുന്നു. ഇവിടെ നിന്ന് നോക്കിയാൽ ദാ, ആ കാണുന്ന റെയിൽ പാളത്തിൽ തലവെച്ച്. വന്ന ആളുകൾ അതുമിതും പറയുന്നുണ്ടായിരുന്നു. എനിക്കൊന്നും മനസ്സിലായില്ല. അവരുടെ വീട് ഇതല്ലേ. മരിക്കുന്നതുവരെ സ്വാഭാവികമായും അവർ ഇവിടെ കഴിഞ്ഞു കൂടുകയല്ലേ വേണ്ടത്.

ഇത്തരം ചോദ്യങ്ങളൊക്കെ ആരോട് ചോദിക്കാനാണ്.

ആ പഹയൻ ആൽബർട്ടോവിനോട് ചോദിക്കാമെന്നു വെച്ചാൽ അവന് ഇംഗ്ലീഷേ മനസ്സിലാവൂ.
അല്ലെങ്കിലും എനിക്ക് സംസാരിക്കാനൊന്നും വയ്യ. മലയാളം കേട്ടാൽ തിരിയും അത്ര മാത്രം.

അല്ലെങ്കിലും ഈ ആൽബർട്ടോ. അഫ്ഗാനിസ്ഥാൻ ഹൺഡ് അതാണവന്റെ ഇനപ്പേര്. എന്തു കുന്തമായാലെന്ത് തികഞ്ഞ പിന്തിരിപ്പനാണ്.

പൂച്ചയും പട്ടിയും പരമ്പരാഗത ശത്രുക്കളാണെന്ന മുത്തശ്ശിക്കഥ അപ്പാടെ വിഴുങ്ങിയിരിക്കുകയാണവൻ.

കഴിഞ്ഞ പത്തുവർഷക്കാലമായി ഒരു വീട്ടിലാണ് താമസം. ഞാനായിട്ട് അവന് ഒരു ദ്രോഹവും ചെയ്തിട്ടില്ല. സ്നേഹിക്കുകയൊന്നും വേണ്ട്. കാണുമ്പോൾ ഒരു സഹവാസിയോടുള്ള മര്യാദയെങ്കിലും വേണ്ടേ ? ഇത് എന്റെയും വീട്, അവന്റെയും വീട്.
അങ്ങനെയാണോ ?

ആണെന്നാണ് കരുതിയത്. ഇന്ന് രാവിലെ വരെ. ഇപ്പോൾ അല്ല എന്ന് ഉറപ്പായിരിക്കുന്നു. ഇന്ന് രാവിലെയാണ് അവർ ആൽബർട്ടോവിനെ കൊണ്ടുപോയത്.

അഫ്ഗാനിസ്ഥാൻ ഹൺഡിന്റെ മൂർച്ചയുമായി പല പ്രാവശ്യം എന്റെ ജീവനെടുക്കാൻ വന്നവനാണ്. കഴിഞ്ഞ പത്തുവർഷമായി എനിക്ക് ഏറ്റവും പേടി അവനെയാണ്. ഒന്ന് മുറ്റത്തേക്കിറങ്ങിയാൽ, വേണ്ട ഒരു മരത്തിണലിൽ കിടന്നൊന്ന് അലസമായി മയങ്ങിയാൽ അറിയില്ല എപ്പോഴാണ് അവന്റെ കോമ്പല്ലുകൾ കടിച്ചു കുടയുക എന്ന്.

പല തവണ എന്റെ ആയുസ്സിന്റേയും രോമക്കെട്ടിന്റേയും ബലം കൊണ്ടാണ് ഞാൻ അവനിൽ നിന്ന് രക്ഷപ്പെട്ടത്.

എന്നിട്ടും എനിക്കവനോട് സഹതാപം തോന്നിപ്പോയി. അവൻ പടിയിറങ്ങുന്ന നേരം·അതവനും മനസ്സിലായോ ?

അവൻ എന്നെയൊന്ന് നോക്കി. അവസാനമായി. അതേ ഗ്രേസിമാമി നോക്കിയ പോലെ തോന്നി. ഇങ്ങനെ താമസിക്കുന്ന വീട് വിട്ടു പോകാൻ മാത്രം അവർക്കെന്തെങ്കിലും പ്രശ്നമുണ്ടോ എന്ന് ചോദിച്ചാൽ ?
ഉണ്ട്. പ്രശ്നമുണ്ട്. ഞാനിപ്പോൾ മാത്രം മനസ്സിലാക്കിയ കാര്യം. അവർക്ക് വയസ്സായിരിക്കുന്നു. അപ്പോൾ ഞാനോ. എനിക്കും വയസ്സായിത്തുടങ്ങിയിരിക്കുന്നു.

ഇത്ര വീട്ടിലെ രീതിയനുസരിച്ച് താമസം മാറ്റേണ്ട സമയമടുത്തിരിക്കുന്നു. താമസം മാറ്റുക എന്നൊന്നും പറയരുത്. ആൽബർട്ടോവിനെ കൊണ്ടുപോകുന്നതിനു മുമ്പുള്ള ആലോചന

ആശംസകളോടെ

**കൃഷ്ണ ബെഡ് ഹൗസ്**

**മെയിൻ റോഡ്**

**വടക്കാഞ്ചേരി**

**ഫോൺ : 04884 – 230633**

എനിക്ക് മനസ്സിലായി. തൊട്ടുത്ത് നിന്നിട്ടും അവ നത് മനസ്സിലായിട്ടില്ല. അവനോടവർ ഇംഗ്ലീഷിലേ ആജ്ഞാപിക്കാറുള്ളൂ.

ദൂരെയാണ് പത്തു മുപ്പത് കിലോമീറ്ററിന പ്പുറം ഒരു കാടുപിടിച്ച പ്രദേശത്ത് വെച്ച് ആൽബർട്ടോവിനെ അവർ ബലമായി കാറിൽ നിന്ന് ഇറക്കിവിടും.

ഉച്ചക്കു മുമ്പേ തിരിച്ചെത്തിയിരുന്നു. വളരെ സന്തോഷത്തോടെ. വന്നയുടനെ കാർ ഡ്രൈവർ രാജു വിശേഷം പങ്കു വെക്കുന്നതു കേട്ടു.

ഇറക്കിവിട്ടയുടനെ കാറിനു പിന്നാലെ ഓടുമെന്നാണു കരുതിയത്. എന്തോ അവിടെത്തന്നെ നിന്നു കളഞ്ഞു.

തന്റെ പതിവു പുഞ്ചിരിയോടെ സ്റ്റെല്ലമാഡം പറയുന്നു.

എനിക്കിത്തിരി സങ്കടോക്കെ തോന്നി. എത്രയോ ഡോഗ്ഷോയ്ക്ക് പ്രൈസ് വാങ്ങിത്തന്നവനാ അവൻ. പിന്നെപ്പെന്തു ചെയ്യാനാ. പ്രായായിപ്പോയില്ലേ. ?

അതെ, പ്രായമായിപ്പോയാൽ അന്തസ്സോടെ മരിക്കാനൊരവസരം. അത് മനുഷ്യർക്ക് പോലുമില്ലാത്തിടത്ത് മൃഗങ്ങളുടെ കാര്യം പറയണോ ?

ഇപ്പോൾ ഇരുട്ടായിരിക്കുന്നു. ആൽബർട്ടോ ഇല്ലാത്ത രാത്രിയാണിത്. ഇരുട്ടിന്റെ ഓരോ അനക്കത്തോടും കുരച്ചാണവൻ പ്രതികരിക്കാറ്. ഒന്നുറങ്ങാൻ പോലും പറ്റാറില്ല. പലപ്പോഴും ശപിച്ചു പോയിട്ടുണ്ട്. പക്ഷേ എന്തുകൊണ്ടോ ഒരു കുര കേൾക്കാൻ ഇപ്പോൾ കൊതിയാവുന്നു.

പുറത്ത് ഒരു കുര കേട്ടപോലെ. തോന്നലാണോ. അല്ല ആരോ കുരക്കുന്നുണ്ട്. അത്ഭുതം ആൽബർട്ടോ തന്നെ.

ഉറങ്ങാൻ കിടന്ന വിളക്കുകൾ മുഴുവൻ ഒന്നിച്ചു കണ്ണു തുറന്നിരിക്കുന്നു.

വാതിൽ തുറന്ന് അമ്പരപ്പോടെ സാറും സ്റ്റെല്ല മാഡവും.

നീയല്ലെ പറഞ്ഞത് എല്ലാം ഓകെ ഇരുപത്തഞ്ചു കിലോമീറ്ററിനപ്പുറം വരില്ലെന്ന്. എന്നിട്ടിപ്പെന്തായി? തോമസ് സാർ സ്റ്റെല്ലയോട് കയർക്കുന്നു.

അമ്പരപ്പു മാറാതെ നിൽക്കുകയാണ് സ്റ്റെല്ല മാഡം. അത്ഭുതം തന്നെ. ഇരുപത്തഞ്ചു കിലോമീറ്റർ വരുമെന്നാരു കരുതി. ഞാനപ്പഴേ പറഞ്ഞതാ അല്പം മരുന്നിട്ട് ഇറച്ചി കൊടുത്താ അപ്പഴേ തീരും. നിന്റെയൊരു ചീപ്പ് സെന്റിമെന്റ്സാ ഒക്കേനും കാരണം. ഇനിയിപ്പൊ നാളെ അതേ മാർഗ്ഗമുള്ളൂ. എന്തു വേണേ ആയിക്കോ. കൊടുക്കാൻ ഞാനില്ല. രാജുനോട് പറഞ്ഞ് വേണ്ടത് ചെയ്തോ.

സ്റ്റെല്ല മാഡം അകത്തേക്കു പോകുന്നു. അതേ പുഞ്ചിരി മുഖത്ത്. വീണ്ടും ഭാഷ ആൽബർട്ടോവിനെ ചതിച്ചിരിക്കുന്നു.

ഗൂഢാലോചനകളെല്ലാം മാതൃഭാഷയിലെ നടത്താവൂ എന്നുണ്ടോ. ആവോ.

ഇരുപത്തഞ്ചു കിലോമീറ്റർ താണ്ടി ~~അഞ്ചി~~ കിതപ്പടങ്ങാതെ, വാലാട്ടി തന്റെ യജമാനനെയും യജമാനത്തിയെയും നോക്കി നിൽക്കുന്ന ഈ മണ്ടനറിയില്ല ഇവരിവനെ നിഷ്കരുണം ഉപേക്ഷിച്ചതാണെന്ന്. ഇനി ഒരു ഡോഗ്ഷോക്കും പറ്റാത്തവിധം ഇവന് വയസ്സായെന്ന്. ഉപേക്ഷിച്ചിടത്തു നിന്നും തിരിച്ച് വന്നതിന് സമ്മാനമായി നാളെ വിഷം കൊടുക്കുമെന്ന്.

എന്തായാലും അവൻ കൂട്ടിൽ ശാന്തനായിരിക്കുന്നു. എന്റെ നേരെ നോക്കുന്നു. രാവിലെ നോക്കിയ അതേ നോട്ടം !

ഇരുപത്തഞ്ചു കിലോമീറ്റർ തിരിച്ചു വന്നാൽ തന്നെ ഉപേക്ഷിക്കില്ലെന്നാ പാവം കരുതിയിരിക്കുമോ ?

അധികം വൈകില്ല. എനിക്കുറപ്പാണ്. ഞാനും ആൽബർട്ടോവിനെപ്പോലെ ഒരു നാളിൽ യാത്ര പുറപ്പെട്ടേക്കാം. എനിക്കഞ്ജാതമായൊരിടത്ത് ഉപേക്ഷിക്കപ്പെട്ടേക്കാം. അല്ലെങ്കിൽ ദിവസവും തരുന്ന ചോറിലോ, പാലിലോ അൽപം വിഷം.

ഒരു പക്ഷേ നാളെത്തന്നെ. ആൽബർട്ടോവിന് വിഷം കൊടുക്കുമെന്ന് പറഞ്ഞപ്പോൾ അവരെന്തിനാണ് എന്നെ നോക്കിയത്.

ആദ്യമായി അവന്റെ കൂടിനടുത്തെത്തിയിട്ടും അവനെന്നോട് കയർത്തില്ല. മാത്രമല്ല ഒന്ന് ദയനീയമായി നോക്കി. അവനെല്ലാം മനസ്സിലായിട്ടുണ്ട് എന്ന് അപ്പോളറിഞ്ഞു.

അവനും ഞാനും ഞങ്ങൾക്കറിയാവുന്ന ഭാഷയിൽ സംസാരിക്കുകയാരുന്നു. അങ്ങനെയാണ് ഈ തീരുമാനമെടുത്തത്.

ഇപ്പോൾ ഞാനും ഈ ആൽബർട്ടോയും വീടിനു പുറത്തേക്ക് നടക്കുകയാണ്.

ഞങ്ങൾക്കു മുന്നിൽ കട്ട പിടിച്ച ഇരുട്ടും, ഗ്രേസി മാമി തല വെച്ചു മരിച്ച റെയിൽപ്പാളവും മാത്രം.

നാളെ ഒരു പൂച്ചയും പട്ടിയും ട്രെയിൻ തട്ടി മരിച്ചു എന്നു നിങ്ങളറിയും. അല്ലാതെ അവ ആത്മഹത്യ ചെയ്തു എന്നു വിശ്വസിക്കാൻ മാത്രം നിങ്ങളുടെ അറിവ് വളർന്നിട്ടില്ലല്ലോ.


**തിരുമേനി ഇലക്ട്രിക്കൽ സർവ്വീസസ്**

**(കനറാ ബാങ്കിനു മുൻവശം)**

**വടക്കാഞ്ചേരി**

**ഫോൺ : 04884 – 232019, 9447995490**